"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023 - 24 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം. )വകുപ്പ്**

സ.ഉ.(സാധാ) നം.222/2025/LSGD തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.2490/2024/LSGD, തീയതി 18-12-2024
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11-12-2024 തീയതിയിലെ LSGD/PD/35732/2024-GEB4 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (അർബൻ) 03.01.2025 തീയതിയിലെ LSGD/PD/41619/2024-DPL D3 നമ്പർ കത്ത്
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.01.2025 തീയതിയിലെ LSGD/PD/35732/2024-GEB4 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം 2023 -24 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സ്വരാജ് ട്രോഫി പുരസ്കാര നിർണയത്തിനായി. ആകെ മാർക്ക് കണക്കാക്കുമ്പോൾ ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരേ മാർക്ക് ലഭിച്ചാൽ ഒരേ പുരസ്കാരം ഒന്നിലധികം പേർക്ക് നൽകേണ്ട അവസ്ഥ ഒഴിവാക്കുന്നതിന് പുരസ്കാരനിർണ്ണയ രീതിയിൽ മാറ്റം വരുത്തണമെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ആയതിനാൽ ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരേ മാർക്ക് ലഭിച്ചാൽ പുരസ്കാര ജേതാക്കളെ തെരഞ്ഞെടുക്കുന്നതിന് ചുവടെ ചേർക്കുന്ന രീതി അവലംബിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ അവാർഡ് നിർണ്ണയത്തിനായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങളുടെ തുടക്കത്തിൽ വിഷയമേഖലകൾ ക്രമ നമ്പരിട്ട് നൽകിയിട്ടുണ്ട്. വിഷയമേഖലകളുടെ ഈ ക്രമത്തിൽ അവാർഡ് മാനദണ്ഡത്തിലെ ഒന്നാമത്തെ മേഖലക്ക് ലഭിച്ച മാർക്കിൽ ആർക്കാണോ കൂടുതൽ മാർക്ക് ലഭിച്ചത്, അവർക്ക് മുൻഗണന നൽകി പുരസ്കാര ജേതാക്കളെ കണ്ടെത്തേണ്ടതാണ്. ഒന്നാം വിഷയമേഖലയിലും തുല്യ മാർക്ക് വന്നാൽ തൊട്ടുതാഴെയുള്ള ക്രമനമ്പരിലെ വിഷയ മേഖലയുടെ മാർക്കിൽ ആർക്കാണ് കൂടുതൽ എന്ന് പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ അവാർഡ് ജേതാവിനെ നിശ്ചയിക്കേണ്ടതാണ്. തുടർന്നും തുല്യമാർക്ക് വന്നാൽ തുടർന്നുവരുന്ന വിഷയമേഖലകളുടെ ക്രമത്തിൽ മേൽ രീതിയിൽ പരിശോധന നടത്തി പുരസ്കാര ജേതാവിനെ നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടർ (അർബൻ) പരാമർശം (3) ലെ കത്തിൽ അറിയിച്ചത് പ്രകാരം, പരാമർശം (1) -ലെ സർക്കാർ ഉത്തരവിലെ അനുബന്ധത്തിലെ മഹാത്മാ-അയ്യൻകാളി പുരസ്കാര നിർണ്ണയത്തിലെ Marks Score Criteriaലെ ക്രമ നം. X (അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയും പി എം എ വൈ പദ്ധതിയും തമ്മിലുള്ള സംയോജനം) എന്നതിൽ 75% മുതൽ 94% വരെ - "5 മാർക്ക് എന്നത് 3 മാർക്ക്" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

സൂചന (4) -ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം പരാമർശം 1 -ലെ സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന സ്വരാജ് പുരസ്കാരനിർണ്ണയ മാനദണ്ഡങ്ങളിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തുന്നു.

ഗ്രാമ പഞ്ചായത്ത് - വിഷയ മേഖല - സദ്ഭരണം

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റുകൾ [സൂചകങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 6 | പരിഗണനാ വർഷം നടന്ന 80% സാധാരണ യോഗങ്ങളിൽ മെമ്പർമാരുടെ 100% ഹാജരിന് | മെമ്പർമാരുടെ 100% ഹാജരുള്ള യോഗങ്ങളുടെ എണ്ണം | ശതമാനം | X=>80% | 1 | 1 |
| | | ആകെ സാധാരണ യോഗങ്ങളുടെ എണ്ണം | | | | |

ഗ്രാമ പഞ്ചായത്ത് - വിഷയ മേഖല - തനതു വരുമാനം

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റുകൾ [സൂചകങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 2 | വസ്തു നികതി വരുമാനത്തിൽ മുൻ വർഷത്തെക്കാൾ 15% മോ അതിലധികമോ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ? | പരിഗണനാവർഷത്തിലെ വസ്തു നികതി വരുമാനം (രൂപയിൽ)<br>പരിഗണനാ വർഷത്തിന്റെ തൊട്ടു മുൻവർഷത്തെ വസ്തു നികുതി വരുമാനം (രൂപയിൽ) | ശതമാനം | X=>15% | 3 | 3 |

ജില്ലാ പഞ്ചായത്ത് - വിഷയ മേഖല - വാർഷിക പദ്ധതി

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റുകൾ [സൂചകങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 5 | പൊതുവിഭാഗം പദ്ധതിയിൽ ഉൽപാദന മേഖലയിലെ ചെലവ് ശതമാനം | പരിഗണനാ വർഷത്തെ തൻവർഷ വിഹിതത്തിന്റെ ഉൽപാദന മേഖലയിലെ ചെലവഴിച്ച ആകെ തുക<br>പരിഗണനാ വർഷത്തെ വികസനഫണ്ട് (ജനറൽ) ബജറ്റ് വിഹിതം. | | >40% | 2 | 2 |
| | | | | 30%<X<=40% | 1 | |
| | | | | 20%<X<=30% | -1 | |
| | | | | 10%<X<=20% | -2 | |
| | | | | <=10 | -3 | |
| 6 | വനിതാഘടക പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ശതമാനം | പരിഗണനാ വർഷത്തിൽ വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ആകെ തുക<br>തൻവർഷത്തെ വികസനഫണ്ട് ബജറ്റ് വിഹിതം (സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി) | | >15% | 2 | 2 |
| | | | | 10%<X<=15% | 1 | |
| | | | | 5%<X<=10% | -1 | |
| | | | | X<=5% | -2 | |
| 7 | ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ് | ഭിന്നശേഷിക്കാർ, കുട്ടികൾ, ട്രാൻസ് ജെൻഡേഴ്സ് എന്നിവർക്ക് | | >7% | 2 | |
| | | | | 5%<X<=7% | 1 | |

| | | | | | | |
|---|---|---|---|---|---|---|
| | ജെൻഡേഴ്സ്<br>എന്നിവർക്ക് വേണ്ടി<br>ചെലവഴിച്ച തുകയുടെ<br>ശതമാനം | വേണ്ടി ചെലവഴിച്ച ആകെ തുക | | | | 2 |
| | | വികസനഫണ്ട് ബജറ്റ് വിഹിതം<br>(സാധാരണ വിഹിതം,<br>എസ്.സി.എസ്.പി,<br>ടി.എസ്.പി) | | X<=5% | -1 | |
| 8 | വയോജനക്ഷേമം.<br>പാലിയേറ്റീവ്<br>പരിചരണം<br>എന്നിവയ്ക്കായി<br>ചെലവഴിച്ച തുകയുടെ<br>ശതമാനം | വയോജനക്ഷേമം, പാലിയേറ്റീവ്<br>പരിചരണം എന്നിവയ്ക്കായി<br>ചെലവഴിച്ച ആകെ തുക | | >7% | 2 | 2 |
| | | | | 5%<X<=7% | 1 | |
| | | വികസനഫണ്ട് ബജറ്റ് വിഹിതം<br>(സാധാരണ വിഹിതം.<br>എസ്.സി.എസ്.പി,<br>ടി.എസ്.പി) | | X<=5% | -1 | |

ജില്ലാ പഞ്ചായത്ത് -വിഷയ മേഖല- ജനസൗഹൃദ പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റ് കൾ [സൂചക ങ്ങൾ കണ്ടുപിടിക്കുന്ന തിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 7 | പരിഗണനാ വർഷം സി.എസ്.ആർ/സ്പോൺസർഷിപ്പ് - സംഭാവന ഇനത്തിലുള്ള വരവ് (വിവിധ പദ്ധതികൾക്കായി) | | | >50 lakhs | 3 | 3 |
| | | | | 10 lakh <X<=50 lakhs | 1 | |

മുനിസിപ്പാലിറ്റി-വിഷയ മേഖല - തനതു വരുമാനം

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റുകൾ [സൂചകങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 4 | പരിഗണനാവർഷം വസ്തു നികുതി പിരിവിന്റെ പൂർത്തീകരണ ശതമാനം | വസ്തു നികുതി ഇനത്തിൽ പിരിച്ച തുക | | >=90% | 2 | 2 |
| | | വസ്തു നികുതി ഇനത്തിൽ ആകെ ഡിമാൻഡ് (കുടിശ്ശിക ഉൾപ്പെടെ) | | 80%<=X<90% | 1 | |

കോർപ്പറേഷൻ- വിഷയ മേഖല - തനതു വരുമാനം

| ക്രമ നമ്പർ | സൂചകങ്ങൾ | ഡേറ്റ പോയിന്റുകൾ [സൂചകങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ഡേറ്റ പോയിന്റുകൾ] | Input | conditions | Score | Maximum Score |
|---|---|---|---|---|---|---|
| 4 | പരിഗണനാവർഷം വസ്തു നികുതി പിരിവിന്റെ പൂർത്തീകരണ ശതമാനം | വസ്തു നികുതി ഇനത്തിൽ പിരിച്ച തുക | | >=90% | 2 | 2 |
| | | വസ്തു നികുതി ഇനത്തിൽ ആകെ ഡിമാൻഡ് (കുടിശ്ശിക ഉൾപ്പെടെ) | | 80% <=X<90% | 1 | |

തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി വിഷയ മേഖലയിൽ, 'ക്യൂബിൽ' തുക കൂടി 2023-24 സാമ്പത്തിക വർഷത്തെ ചെലവിനത്തിൽ പരിഗണിക്കുന്നതാണ്.

മേൽ ഭേദഗതികളോടെ പരാമർശം (1) -ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.

കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
Date: 22-01-2025 11:08:49

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്സ്ന്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ.യ്ക്ക്